/

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1602

13.07.2011-ൽ മറുപടിക്ക്

## രക്ഷിതാക്കൾ മരണമടഞ്ഞ വിദ്യാർത്ഥികൾക്ക് സംരക്ഷണ പദ്ധതി

ചോദ്യം

ശ്രീ.എ.എം.ആരിഫ്:

ഉത്തരം

ഡോ.എം.കെ.മുനീർ,
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)<br>രക്ഷിതാക്കൾ മരണമടഞ്ഞാൽ പഠിക്കാനോ, പഠനം തുടരാനോ കഴിയാതെ വരുന്ന കുട്ടികളുടെ അവസ്ഥ പരിശോധിച്ചിട്ടുണ്ടോ; | (എ)<br>ഇക്കാര്യം പ്രത്യേകമായി പരിശോധിച്ചിട്ടില്ല. |
| (ബി)<br>എങ്കിൽ അത്തരം കുട്ടികളുടെ പഠന സംരക്ഷണം ഏറ്റെടുക്കുന്നതിന് സാമൂഹ്യക്ഷേമ വകുപ്പിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്തെങ്കിലും കർമ്മപദ്ധതികൾ ആവിഷ്കരിക്കുമോ; | (ബി)<br>രക്ഷിതാക്കൾ മരണപ്പെടുന്ന കുട്ടികളുടെ പുനരധിവാസ കാര്യം പരിഗണിക്കുന്നതിനും ആവശ്യമായ പുനരധിവാസ നടപടികൾ എടുക്കുന്നതിനും അധികാരപ്പെട്ട സ്ഥാപനമായ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ എല്ലാ ജില്ലകളിലും നിലവിലുണ്ട്. മറ്റാരും സംരക്ഷിക്കാനില്ലാത്ത ഇത്തരത്തിലുള്ള കുട്ടികളെ വകുപ്പിൻകീഴിലുള്ള ചിൽഡ്രൻസ് ഹോമുകളിൽ പ്രവേശിപ്പിക്കാവുന്നതാണ്. ഈ ഹോമുകളിൽ കുട്ടികൾക്ക് പോഷകാഹാരം, വസ്ത്രം, മെഡിസിൻ, വിദ്യാഭ്യാസം, റിക്രിയേഷൻ എന്നിവ ഉറപ്പു വരുത്തുന്നു. 18 വയസ്സ് |

| | |
|---|---|
| | പൂർത്തിയാക്കി ചിൽഡ്രൻസ് ഹോമുകളിൽ നിന്നും പുറത്തു വരുന്ന കുട്ടികളെ 21 വയസ്സുവരെ ആവശ്യമെങ്കിൽ ആഫ്റ്റർ കെയർ ഹോമുകളിൽ പാർപ്പിക്കുന്നു. ഈ സ്ഥാപനത്തിലും കുട്ടികൾക്ക് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ വിദ്യാഭ്യാസം ചെയ്യിക്കുന്നു. അതിനുശേഷം റീഹാബിലിറ്റേഷൻ നടത്തി വരുന്നു. 18 വയസ്സിന് ശേഷവും ഇത്തരം കുട്ടികൾക്ക് തുടർ പഠനം നടത്തുന്നതിനും പദ്ധതിയുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇൻറഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ പദ്ധതി (ICPS) നടപ്പിലാക്കുമ്പോൾ ഇത്തരം കുട്ടികളുടെ പഠന സംരക്ഷണത്തിനായി ഫോസ്റ്റർ കെയർ പരിപാടി നിലവിലുണ്ട്. ഇതനുസരിച്ച് കുട്ടിയെ സംരക്ഷിക്കുന്ന കുടുംബത്തിന് പ്രതിമാസം 750/-രൂപ ഐ.സി.പി.എസ് ഫണ്ടിൽ നിന്നും നല്കാവുന്നതാണ്. |
| (സി)<br>സോഷ്യൽ സെക്യൂരിറ്റി മിഷന്റെ കർമ്മ പദ്ധതികളിൽ ഈ സഹായം കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി)<br>ഇപ്പോൾ പരിഗണനയിലില്ല. |

R. Vijayalakshmi

സെക്ഷൻ ഓഫീസർ